# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1631 06.03.2017-ലെ മറുപടിയ്ക്ക്

**പഞ്ചായത്ത്, മുനിസിപ്പാലിറ്റി/കോർപ്പറേഷൻ വകുപ്പുകളുടെ സംയോജനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.ടി.എ.അഹമ്മദ് കബീർ | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| (എ) | സംസ്ഥാനത്ത് പഞ്ചായത്ത്, മുനിസിപ്പാലിറ്റി/കോർപ്പറേഷൻ, ഗ്രാമ വികസന വകുപ്പ് എന്നീ വകുപ്പുകൾ സംയോജിപ്പിച്ചുകൊണ്ട് പുതിയ ഒരു വകുപ്പ്/സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ എന്തെല്ലാമാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളത്; | (എ) & (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുവായ സേവനപ്രദാനം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ വകുപ്പിന് ഒരു പൊതുസർവ്വീസ് രൂപീകരിക്കുന്നതിനായി 26.02.2011-ലെ സ.ഉ.(കൈ) നം.61/2011/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകി സർക്കാർ ഉത്തരവായിരുന്നു. തദ്ദേശസ്വയംഭരണ വകുപ്പിൻ കീഴിലെ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് രൂപീകരിക്കുന്ന പൊതു സർവ്വീസിന്റെ കരട് സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിന് ലോക്കൽ ഗവൺമെന്റ് കമ്മീഷനെ സ.ഉ.(കൈ) നം. 198/2016/തസ്വഭവ, തീയതി, 27.12.2016 പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് കമ്മീഷനെ നിയോഗിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | | |
| (സി) | പൊതു സർവ്വീസ് രൂപീകരിക്കുമ്പോൾ സമാന തസ്തികയിൽ ഉള്ള ജീവനക്കാരുടെ സർവ്വീസ് സീനിയോറിറ്റിയും മറ്റും നിശ്ചയിക്കുന്നതെങ്ങനെ; | (സി) | ഇതിനെ സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല. |
| (ഡി) | ഇത് സംബന്ധിച്ച് ജീവനക്കാരുടെ സംഘടനയുമായി കൂടിയാലോചന നടത്തിയിട്ടുണ്ടോ; സംഘടനകൾ നൽകിയ കരട് പ്രൊപ്പോസലുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | ജീവനക്കാരുടെ സംഘടനകളുമായി നടത്തിവരുന്ന ചർച്ച പൂർത്തീകരിച്ചിട്ടില്ല. |

Beena

സെക്ഷൻ ഓഫീസർ